**Malayala Manorama**

**19 August 2018**

**Perumbavoor, Rescue Work**

# രക്ഷകരായി ടിപ്പറുകളും മണ്ണുമാന്തികളും

പെരുമ്പാവൂർ • ജനങ്ങൾ പേടിയോടെ നോക്കിയിരുന്ന ടിപ്പർ ലോറികളും ടോറസ് ലോറികളും മണ്ണുമാന്തി യന്ത്രങ്ങളും താരങ്ങളായി. വെള്ളം കയറിയ റോഡുകളിലൂടെ രക്ഷാദൗത്യത്തിനായി പാഞ്ഞത് ഈ കരുത്തൻമാരാണ്. ആളെക്കൊല്ലികളെന്ന ചീത്തപ്പേര് ജനം മറന്നു. വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും അരയ്ക്കൊപ്പം വെള്ളം നിറഞ്ഞ റോഡിലൂടെ ടിപ്പർ, ടോറസ് ലോറികളിലാണ് വഞ്ചികളുമായി രക്ഷാപ്രവർത്തകർ എത്തിയത്. ഭക്ഷണം വിതരണം ചെയ്യാനും ഈ ലോറികളാണ് ഉപയോഗിച്ചത്. ഈ ലോറികളിലാണ് വീടുകളിൽ കുടുങ്ങിയവരെ ദുരിതാശ്വാസ ക്യാംപുകളിലേക്കു മാറ്റിയത്.